"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊല്ലം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എ മുജീബ്ഖാൻ സമർപ്പിച്ച പുന:പരിശോധനാഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2110/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/11/2020

---

പരാമർശം:- 1 03.10.2019 തീയതിയിലെ സ.ഉ(സാധാ)നം.2166/2019/തസ്വഭവ.

2 ശ്രീ.എ.മുജീബ്ഖാൻ സമർപ്പിച്ച 19.11.2019 തീയതിയിലെ പുന:പരിശോധനാ ഹർജി

3 നഗരകാര്യ ഡയറക്ടറുടെ 06.03.2020 തീയതിയിലെ വി1-7255/2016 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം നഗരസഭയിലെ അയത്തിൽ വടക്കേവിള സോണൽ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 25.04.2014- ൽ നടത്തിയ മിന്നൽ പരിശോധനയിൽ ജീവനക്കാർ അനധികൃതമായി ഹാജരില്ലായിരുന്നതായും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ യഥാവിധി സൂക്ഷിക്കാത്തതായും കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ 14 ജീവനക്കാർക്കെതിരേ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ എ മുജീബ് ഖാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ് തീർപ്പാക്കി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കണമെന്ന് ശ്രീ. എ. മുജീബ്ഖാൻ പരാമർശം 2പ്രകാരം സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെടുകയും ചെയ്തിരുന്നു..

2. ശ്രീ എ മുജീബ് ഖാന്റെ പുനഃപരിശോധനാ ഹർജിയിലെ വാദങ്ങൾ പ്രകാരം ടിയാൾ 7 മണിക്ക് ഡ്യൂട്ടിക്ക് ഹാജരായപ്പോൾ സ്വകാര്യവസ്തുവിന്റെ ഉടമ ഓടയിൽ മണ്ണിട്ടുനികത്തിയതായ വിഷയത്തിൽ ഹെൽത്ത് സൂപ്പർവൈസറുടെ നിർദ്ദേശപ്രകാരം ശുചീകരണതൊഴിലാളികളേയും കൂട്ടി അടിയന്തരമായി പോകേണ്ടി വന്നിരുന്നതായും ഹാജർ ബുക്ക് സൂപ്രണ്ടിന്റെ കസ്റ്റഡിയിലും നിയന്ത്രത്തിലുമാകയാൽ 7 മണിക്ക് ഹാജർ രേഖപ്പെടുത്താൻ സാധിച്ചില്ലായെന്നും അറിയിച്ചിരുന്നു. കൂടാതെ അന്നേ ദിവസം സഹപ്രവർത്തകനും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുമായ ശ്രീ.ജി. സുരേഷും ടിയാനോടൊപ്പം ഓടയിൽ നിന്ന് മണ്ണ് മാറ്റുന്ന സ്ഥലത്ത് ഉണ്ടായിരുന്നതായും. ശ്രീ.ജി.സുരേഷും അന്നേ ദിവസം ഓഫീസിൽ ഹാജരായിരുന്നില്ല. എന്നാൽ ശ്രീ.ജി.സുരേഷിനെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടുണ്ട്. ശ്രീ.ജി.സുരേഷിന് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതാൻ കഴിയില്ല എന്നത് വളരെ സ്പഷ്ടമായ കാര്യമാണ്. ഓഫീസിൽ ഹാജരായിരുന്നില്ല എന്ന ചാർജ്ജിൽ നിന്ന് ഒരാളെ കുറ്റവിമുക്തനാക്കുന്നതോടെ അന്നേ ദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തൽ വരുത്തിയില്ല എന്ന ചാർജ്ജ് അപ്രസക്തമാണ് എന്നും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൻ ഉൾപ്പടെ കുറ്റാരോപിതരായ ജീവനക്കാർ

തുടർന്നുള്ള ദിവസങ്ങളിൽ യഥാവിധി ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താറുണ്ട് എന്നും അറിയിക്കുകയുണ്ടായി.

3. ശ്രീ എ മുജീബ് ഖാന്റെ പുനഃപരിശോധനാഹർജിയിലെ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ.എ.മുജീബ് ഖാൻ വിജിലൻസ് പരിശോധനാ ദിവസം ഉച്ചയ്ക്കശേഷം ഹാജരായിരുന്നില്ലെന്നും അന്നേദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിരുന്നില്ലെന്നും ആരോപിച്ചിരുന്നു. വിജിലൻസ് റിപ്പോർട്ടിലും ടിയാൻ ഉച്ചയ്ക്കശേഷം അനധികൃതഹാജരില്ലായ്മ എന്നാണ് പ്രദിപാദിച്ചിട്ടുള്ളത്. ആയതിനാൽ ടിയാന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓട ശുചീകരണവുമായി ബന്ധപ്പെട്ട് പോയിട്ടുള്ളതുകാരണം അനധികൃതഹാജരില്ലായ്മ മാപ്പാക്കിയിരുന്നു. എന്നാൽ ഓഫീസിൽ ഹാജരായ ഉടൻ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തേണ്ടതാകയാൽ ആയതിൽ വീഴ്ച വരുത്തിയിട്ടുള്ളത് ശിക്ഷാർഹമായി വിവക്ഷിച്ചിരുന്നു. ടിയാന്റെ അപേക്ഷയിൽ സൂചിപ്പിക്കുന്ന ശ്രീ.ജി.സുരേഷിനെതിരേ അന്നേദിവസത്തെ അനധികൃതഹാജരില്ലായ്മ മാത്രമാണ് വിജിലൻസ് റിപ്പോർട്ട് പ്രകാരം ചാർജ്ജ് ചെയ്തിട്ടുള്ളത് .

4. വിജിലൻസ് റിപ്പോർട്ട് പ്രകാരം ശ്രീ.എ.മുജീബ് ഖാൻ ഉച്ചയ്ക്കശേഷം മാത്രമാണ് ഹാജരില്ലായിരുന്നത്. എന്നാൽ ടിയാന്റെ ഹർജിയിൽ ഉന്നയിക്കുന്ന വാദങ്ങൾ വ്യത്യസ്തവും വിജിലൻസ് റിപ്പോർട്ടിലെ വസ്തുതകൾക്ക് കടകവിരുദ്ധവുമാണ്. വിജിലൻസ് റിപ്പോർട്ടിലെ വിവരങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് കാണാൻ സാധിക്കാത്തതിനാൽ ശ്രീ.എ മുജീബ്ഖാന്റെ വാദങ്ങൾ നിരസിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തലുകൾ വരുത്താതിരുന്നു എന്ന ആരോപണത്തിന് ശ്രീ.എ. മുജീബ്ഖാന്റെ വിശദീകരണം പൂർണമായും അംഗീകരിക്കാനാവുന്നതല്ല എന്ന് കണ്ടതിനാലാണ് ഓഫീസ് കൃത്യനിർവ്വഹണത്തിലുണ്ടായ വീഴ്ചയ്ക്ക് ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരുവർഷത്തേക്ക് തടഞ്ഞുകൊണ്ടു അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവായിരുന്നത്. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. എ. മുജീബ് ഖാന്റെ പുനഃപരിശോധനാ ഹർജിയിലെ വാദങ്ങൾ വസ്തുതാപരമല്ലെന്ന് കാണുന്നു. ആയതിനാൽ അച്ചടക്കനടപടി തീർപ്പാക്കിയ പരാമർശം 1 ഉത്തരവ് പ്രകാരമുള്ള ശിക്ഷാവിധി പുനഃപരിശോധിക്കണമെന്ന പരാമർശം 2 പ്രകാരമുള്ള ഹർജിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ.എ.മുജീബ് ഖാൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ